**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5081** **20-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്കിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം താലൂക്കിൽ ഏതൊക്കെ വില്ലജ് ഓഫീസ് കെട്ടിടങ്ങളാണ് ശോചനീയവസ്ഥയിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | മഞ്ചേശ്വരം താലൂക്കിലെ കുഞ്ചത്തൂർ, കൊടലമൊഗറു, മീഞ്ച, കടമ്പാർ, ഉപ്പള, ഇച്ചിലങ്കോട്, കയ്യാർ, പൈവളിഗെ, ബായാർ, എൻമകജെ, ഷേണി, എടനാട്, കോയിപ്പാടി, ബാഡൂർ, ബംബ്രാണ എന്നീ 15 വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ശോചനീയാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത താലൂക്കിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ ഹൊസബെട്ടു, വോർക്കാഡി എന്നിവ സ്മാർട്ട് വില്ലേജ് ഓഫീസുകളാണ്. കൂടാതെ എടനാട്, മീഞ്ച, കടമ്പാർ, പഡ്രെ എന്നിവ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത താലൂക്കിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനും ഈ വർഷം ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ